ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1184

# സൂറ – 42 / അശ്ശൂറാ

## സൂക്തം: 27 – 29

അവകാശ ബാധ്യതകളിലും സ്വാതന്ത്ര്യത്തിലുമാണ് മനുഷ്യർക്കിടയിൽ സമത്വമുള്ളത്. എല്ലാവർക്കും സമ്പന്നരാകാൻ, സ്ഥാനികളാകാൻ, വിദ്വാന്മാരാകാൻ, പ്രതിഭാശാലികളാകാൻ ഒക്കെ സ്വാതന്ത്ര്യമുണ്ട്. അവകാശം ഓരോരുത്തർക്കും വകവെച്ചു കൊടുക്കാൻ മറ്റുള്ളവർ ബാധ്യസ്ഥരാകുന്നു. അവകാശപ്പെട്ടതു നേടിയെടുക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടെങ്കിലും പ്രവർത്തനത്തിന്റെ ഫലം നിശ്ചയിക്കുന്നത് അല്ലാഹുവാകുന്നു.

۞ وَلَوْ بَسَطَ ٱللَّهُ ٱلرِّزْقَ لِعِبَادِهِۦ لَبَغَوْا۟ فِى ٱلْأَرْضِ وَلَٰكِن
يُنَزِّلُ بِقَدَرٍ مَّا يَشَآءُ ۚ إِنَّهُۥ بِعِبَادِهِۦ خَبِيرٌۢ بَصِيرٌ ﴿٢٧﴾

27. അല്ലാഹു അവന്റെ എല്ലാ അടിമകൾക്കും വിഭവം വിപുലീകരിച്ചുകൊടുത്താൽ തീർച്ചയായും അവരൊക്കെയും ഭൂമിയിൽ അക്രമമനുവർത്തിക്കുന്നതാകുന്നു. എന്നാൽ, താൻ നിശ്ചയിക്കുന്ന ഒരു പരിമാണമനുസരിച്ച് ഇറക്കിക്കൊണ്ടിരിക്കുകയാണവൻ. അവൻ തന്റെ ദാസന്മാരെ സംബന്ധിച്ച് അന്തരജ്ഞനും സൂക്ഷ്മദൃഷ്ടിയുമല്ലോ.

**27**

وَلَوْ بَسَطَ اللَّهُ الرِّزْقَ = അല്ലാഹു വിഭവം വിപുലീകരിച്ചു കൊടുത്താൽ لِعِبَادِهِ = തന്റെ എല്ലാ അടിമകൾക്കും

لَبَغَوْا فِي الْأَرْضِ = അവർ ഭൂമിയിൽ അക്രമം അനുവർത്തിക്കുന്നതാകുന്നു

وَلَكِن يُنَزِّلُ = എന്നാൽ, അവൻ ഇറക്കിക്കൊടുക്കുന്നു

بِقَدَرٍ = ഒരു പരിമാണമനുസരിച്ച് مَّا يَشَاءُ = അവൻ നിശ്ചയിക്കുന്ന إِنَّهُ = തീർച്ചയായും അവൻ

بِعِبَادِهِ = തന്റെ ദാസന്മാരെ സംബന്ധിച്ച് خَبِيرٌ = അന്തരജ്ഞനാണ് بَصِيرٌ = സൂക്ഷ്മദൃഷ്ടിയുള്ളവനും

മുൻ സൂക്തം, വിശ്വാസികൾക്ക് അല്ലാഹു അനുഗ്രഹം വർധിപ്പിച്ചു കൊടുക്കുകയും നിഷേധികളെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നുവെന്ന് പ്രസ്താവിച്ചതിനെത്തുടർന്ന് വിശ്വാസികളിലുളവാകുന്ന ഒരു സംശയത്തെ മുൻനിർത്തി അല്ലാഹുവിന്റെ വിഭവവിതരണ സമ്പ്രദായത്തിന്റെ രഹസ്യം വെളിപ്പെടുത്തുകയാണിവിടെ. സത്യധർമങ്ങളിൽ ഉറച്ചു വിശ്വസിക്കുകയും സച്ചരിതരായി വർത്തിക്കുകയും ചെയ്യുന്ന പലരെയും അല്ലാഹു സമ്പത്തുകൊണ്ടനുഗ്രഹിക്കുന്നില്ലല്ലോ. അവർ ജീവിത കാലമത്രയും പരമ ദരിദ്രരായി കഷ്ടപ്പെടേണ്ടി വരുന്നു. മറുവശത്ത് കൊടിയ ദൈവധിക്കാരികൾ മഹാ സമ്പന്നരായി വിലസുകയും ചെയ്യുന്നുവല്ലോ. മദീനാ പള്ളിയുടെ ചായ്പു വാസികൾ – أهل الصّفّة – ഇങ്ങനെ ചിന്തിച്ചിരുന്നതായി നിവേദനങ്ങൾ സൂചിപ്പിക്കുന്നു. ഖബ്ബാബുബ്നു അറത്ത് പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു:

ഞങ്ങളിലാണ് ഈ സൂക്തം അവതരിച്ചത്. അതായത്, അഹ്ലുസ്സുഫ്ഫയിൽ. കാരണം, ബനൂ ഖുറയ്ളയുടെയും ബനൂ ഖൈനുഖാഇന്റെയും ബനുന്നദീറിന്റെയും (മദീനയിലെ മൂന്നു ജൂത ഗോത്രങ്ങൾ) സമ്പന്നത കണ്ട് ഞങ്ങൾക്ക് കൊതി തോന്നിയിരുന്നു.'' സൂക്തം അവതരിച്ചത് മക്കയിലാണ്. അഹ്ലുസ്സുഫ്ഫയും ഖുറൈള, നദീർ, ഖൈനുഖാഅ് ഗോത്രങ്ങളും മദീനയിലായിരുന്നു. അതുകൊണ്ട് ഞങ്ങളിലവതരിച്ചതാണീ സൂക്തം എന്നു പറഞ്ഞതിന്, ഈ സൂക്തത്തിന്റെ ആശയം ഞങ്ങളുടെ കാര്യത്തിൽ പ്രസക്തമാകുന്നു എന്നേ അർഥമാക്കേണ്ടതുള്ളൂ. ഒരു കണക്കിൽ അഹ്ലുസ്സുഫ്ഫയുടേതിനെക്കാൾ കഷ്ടമായിരുന്നു സൂക്തത്തിന്റെ അവതരണ കാലത്ത് മക്കയിലെ മുസ്‌ലിംകളുടെ അവസ്ഥ.

അവരെ ആശ്വസിപ്പിച്ചുകൊണ്ടു പറയുകയാണ്: അല്ലാഹു എല്ലാ അടിമകൾക്കും ഒരുപോലെ വിഭവം വികസിപ്പിച്ചു കൊടുക്കുന്നില്ല. എല്ലാ ജീവിതോപാധികളെയും ഉൾക്കൊള്ളുന്ന പദമാണ് - رزق. സമ്പത്തായാലും വിജ്ഞാനമായാലും ബുദ്ധിയായാലും സർഗശേഷികളായാലും കായബലമായാലും എല്ലാവരും ഒരുപോലെയാകുന്നത് ചിലർ സ്വപ്നം കാണുന്നതുപോലെ, സുന്ദരവും സ്വർഗീയവുമായ അവസ്ഥയല്ല സൃഷ്ടിക്കുക. മനുഷ്യൻ ഇഛാശക്തിയും സ്വാതന്ത്ര്യവും ഉൽക്കർഷേഛയുമുള്ള സൃഷ്ടിയാണ്. ആദ്യം അവൻ തന്റെ മീതെയുള്ളവരുടെ ഒപ്പമെത്താൻ ആഗ്രഹിക്കുന്നു. ആ ആഗ്രഹം സഫലമായാൽ ഒപ്പമുള്ളവരുടെ മീതെയാകാനായി ആഗ്രഹം. ഈ ആഗ്രഹം കൂട്ടിമുട്ടുമ്പോൾ -സമ്പത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ചും- സംഘർഷവും സംഘട്ടനവുമുണ്ടാകുന്നു. ഇതാണ് لَبَغَوْا فِي الْأَرْضِ എന്ന വാക്കിലൂടെ പ്രകാശിപ്പിക്കുന്നത്. മനുഷ്യൻ നിലക്കുനിൽക്കണമെങ്കിൽ ചില കാര്യങ്ങളിലെങ്കിലും ഓരോരുത്തരും മറ്റു ചിലരുടെ ആശ്രിതരാകണം. ചില കാര്യങ്ങളിൽ മറ്റു ചിലർ അവനെയും ആശ്രയിക്കണം. ഇതില്ലാതെ സാമൂഹികവ്യവസ്ഥയോ സമൂഹ നേതൃത്വമോ ഒന്നും സാധ്യമല്ല. എല്ലാ കാര്യത്തിലും തനിക്കു താൻ പോന്നവനാണെന്നു കരുതുന്നവൻ തന്റെ ദൈവമാകുന്നു. അതവനെ ധിക്കാരിയും അഹങ്കാരിയുമാക്കുന്നു. إِنَّ الْإِنسَانَ لَيَطْغَىٰ ﴿٦﴾ أَن رَّآهُ اسْتَغْنَىٰ (തന്നെ എല്ലാ നിലക്കും സ്വയം പര്യാപ്തനെന്നു കരുതുന്ന മനുഷ്യൻ തീർച്ചയായും ധിക്കാരിയാവുക തന്നെ ചെയ്യുന്നു -96:6,7). ചിലർ ചിലരെ അനുസരിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുമ്പോഴേ വ്യവസ്ഥാപിതമായ സമൂഹവും പുരോഗമനോന്മുഖമായ സഹകരണവും സാധ്യമാകൂ. ജീവിതോപാധികൾ ഏറിയും കുറഞ്ഞുമാണ് അല്ലാഹു വിതരണം ചെയ്യുന്നത്, إِنَّ رَبَّكَ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ (നിന്റെ നാഥൻ അവനിഛിക്കുന്നവർക്ക് വിഭവം വിസ്തരിച്ചും അവനിഛിക്കുന്നവർക്ക് ചുരുക്കിയും വിതരണം ചെയ്യുന്നു -17:30). തനിക്കുള്ളത് അപരനും അപരനുള്ളത് തനിക്കും കൈമാറി മനുഷ്യർ പരസ്പരം സഹകരിക്കുന്നതിനു വേണ്ടിയാണത്. അടുത്ത സൂറ *സുഖ്റുഫ്* 32-ാം സൂക്തം അതിപ്രകാരം വിശദീകരിക്കുന്നുണ്ട്:

نَحْنُ قَسَمْنَا بَيْنَهُم مَّعِيشَتَهُمْ فِي الْحَيَاةِ الدُّنْيَا ۚ وَرَفَعْنَا بَعْضَهُمْ فَوْقَ بَعْضٍ دَرَجَاتٍ لِّيَتَّخِذَ بَعْضُهُم بَعْضًا سُخْرِيًّا

(ഭൗതിക ജീവിതത്തിൽ അവർക്ക് ജീവിതോപാധികൾ വിതരണം ചെയ്യുന്നതു നാം തന്നെയാകുന്നു. നാം ചിലരെ ചിലരെക്കാൾ പല പടികൾ ഉയർത്തുന്നു; ചിലർ ചിലർക്ക് സഹായകരാകാൻ).

ആളുകൾക്ക് ജീവിതോപാധികൾ ഏറിയും കുറഞ്ഞും വിതരണം ചെയ്യുന്നതിന്റെ മറ്റൊരു ലക്ഷ്യം, ഓരോ വ്യക്തിയെയും അവനു നൽകിയിട്ടുള്ളതിലൂടെ പരീക്ഷിക്കുകയാണ്. സമ്പത്തു ലഭിച്ചവനെ അതു ദൈവാനുഗ്രഹമായി കരുതി ദൈവപ്രീതിക്കൊത്തു കൈകാര്യം ചെയ്യുന്നുവോ, അതല്ല എല്ലാം തന്റെ സാമർഥ്യത്തിന്റെയും മഹത്വത്തിന്റെയും ഫലമായി മാത്രം നേടിയെടുത്തതാണെന്ന് അഹങ്കരിച്ച് ദൈവാഭീഷ്ടം മാനിക്കാതെ ധിക്കാരത്തോടെ കൈകാര്യം ചെയ്യുന്നുവോ എന്നു പരീക്ഷിക്കുന്നു. ദാരിദ്ര്യം അല്ലാഹു നിശ്ചയിച്ചതാണെന്നറിഞ്ഞ്, അവന്റെ ഔദാര്യം കാത്ത് ക്ഷമയോടെ വർത്തിക്കുന്നുവോ അതല്ല അക്ഷമനും അവിവേകിയും ദൈവദ്വേഷിയും ധർമധിക്കാരിയുമായി വർത്തിക്കുന്നുവോ എന്നതാണ് ദരിദ്രൻ നേരിടുന്ന പരീക്ഷണം. 5:48-ൽ പ്രസ്താവിക്കുന്നു: وَلَوْ شَاءَ اللَّهُ لَجَعَلَكُمْ أُمَّةً وَاحِدَةً وَلَٰكِن لِّيَبْلُوَكُمْ فِي مَا آتَاكُمْ (അവന്നു വേണമെങ്കിൽ നിങ്ങളെയെല്ലാവരെയും വ്യതിരിക്തതയില്ലാത്ത ഒറ്റ സമൂഹമാക്കാമായിരുന്നു. എന്നാൽ, നിങ്ങളെ ഈ വിധം വ്യത്യസ്തരാക്കിയത് അവൻ നൽകിയിട്ടുള്ളതിൽ നിങ്ങളെ പരീക്ഷിക്കുന്നതിനു വേണ്ടിയത്രെ).

ആർക്ക്, എപ്പോൾ, എന്ത്, എത്ര നൽകണമെന്ന് അവൻ നിശ്ചയിക്കുന്നു. അപാരമായ യുക്തിയിലും ജ്ഞാനത്തിലും അധിഷ്ഠിതമാണ് അവന്റെ നിശ്ചയങ്ങൾ. അവൻ خَبِيرٌ-ഉം بَصِيرٌ-ഉം ആണല്ലോ. വിഭവങ്ങൾ വിധിക്കുന്നതിനു മുമ്പേ, പിന്നീട് അടിമകൾ നേരിടുന്ന സാഹചര്യങ്ങളും പരിണതികളും അറിയുന്നവനാണ് - خَبِيرٌ. വിധി യാഥാർഥ്യമാകുമ്പോൾ അടിമകളുടെ അവസ്ഥകൾ സൂക്ഷ്മമായി കണ്ടറിയുന്നവനാണ് بَصِيرٌ.

അവകാശ ബാധ്യതകളിലും സ്വാതന്ത്ര്യത്തിലുമാണ് മനുഷ്യർക്കിടയിൽ സമത്വമുള്ളത്. എല്ലാവർക്കും സമ്പന്നരാകാൻ, സ്ഥാനികളാകാൻ, വിദ്വാന്മാരാകാൻ, പ്രതിഭാശാലികളാകാൻ ഒക്കെ സ്വാതന്ത്ര്യമുണ്ട്. അവകാശം ഓരോരുത്തർക്കും വകവെച്ചു കൊടുക്കാൻ മറ്റുള്ളവർ ബാധ്യസ്ഥരാകുന്നു. അവകാശപ്പെട്ടതു നേടിയെടുക്കുന്നതിനുവേണ്ടി പ്രവർത്തിക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടെങ്കിലും പ്രവർത്തനത്തിന്റെ ഫലം നിശ്ചയിക്കുന്നത് അല്ലാഹുവാകുന്നു. മനുഷ്യൻ സ്വന്തം പ്രവർത്തനം കൊണ്ടുമാത്രം യാതൊന്നും നേടുന്നില്ല. നഷ്ടപ്പെടുന്നുമില്ല. എല്ലാം സംഭവിക്കുന്നത് അല്ലാഹുവിന്റെ വേണ്ടുകയാണ്. - مشيئة-ാലും ജ്ഞാനത്താലുമാണ്, മനുഷ്യന്റെ കർമവും കർമശേഷിയും വരെ. കർമവും കർമശേഷിയും നേട്ടകോട്ടങ്ങൾക്ക് അല്ലാഹു നിശ്ചയിച്ച നിമിത്തങ്ങൾ മാത്രം. സമ്പത്താവട്ടെ, മറ്റുപാധികളാകട്ടെ ആർക്കും യാദൃഛികമായി ലഭിക്കുന്നതുമല്ല. എല്ലാം അല്ലാഹു ആസൂത്രണം ചെയ്ത് കൃത്യമായ പരിമാണത്തിൽ നൽകുന്നതു മാത്രമാകുന്നു. ഈ സൂക്തവും മറ്റനേകം ഖുർആൻ സൂക്തങ്ങളും ആവർത്തിച്ചുറപ്പിക്കുന്ന അടിസ്ഥാന തത്ത്വങ്ങളാണിവ.

ആളുകൾ സമ്പത്ത് ആർജിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതോ പ്രോത്സാഹിപ്പിക്കുന്നതോ അല്ല ഈ സൂക്തം. ലോകത്ത് എല്ലാ മനുഷ്യനും ഒരുപോലെ സമ്പന്നരാകുന്നതിന്റെ പരിണതിയെയും അല്ലാഹുവിന്റെ നിശ്ചയവും പരിമാണവുമനുസരിച്ച് സമ്പത്ത് ചിലർക്ക് അധികമായും, ചിലർക്ക് അൽപമായും നൽകിക്കൊണ്ടിരിക്കുന്നതിന്റെ താൽപര്യവുമാണ് ഇവിടെ വിഷയം. വ്യക്തികൾ സമ്പത്ത്

കുന്നതിനെ ഭയപ്പെടുന്നു. അപ്പോൾ അവർ മത്സരിച്ചതുപോലെ നിങ്ങളും അതിൽ മത്സരിക്കും. അങ്ങനെ അവരെ നശിപ്പിച്ചതുപോലെ അതു നിങ്ങളെയും നശിപ്പിച്ചു കളയും.'' അല്ലാഹു പ്രവാചകനോട് പറഞ്ഞതായി അനസ്(റ) ഉദ്ധരിക്കുന്നു:

إِنّ مِنْ عِبَادِي مَنْ لَا يُصْلِحُهُ إِلّا الغِنَى وَلَوْ أَفْقَرتُه لأَفْسَدَت عَلَيْهِ دِينَهُ، وَإِنْ مِنْ عِبَادِي مَنْ لَا يُصْلِحُهُ إِلَّا الْفَقْر وَلَوْ أَغْنَيْتُهُ لأَفْسَدْتَ عَلَيْهِ دَيْنَهُ

(എന്റെ അടിമകളിൽ ചിലരുണ്ട്; സമ്പത്ത് മാത്രമേ അവനെ നന്നാക്കൂ. ഞാനവനെ ദരിദ്രനാക്കിയാൽ അവന്റെ ദീനിനെ നശിപ്പിച്ചതുതന്നെ. എന്റെ ദാസന്മാരിൽ ചിലരുണ്ട്; ദാരിദ്ര്യം മാത്രമേ അവനെ നന്നാക്കൂ. ഞാനവനെ സമ്പന്നനാക്കിയാൽ അവന്റെ ദീനിനെ നശിപ്പിച്ചതു തന്നെ). ●

നേടുന്നതും സൂക്ഷിക്കുന്നതും മറ്റൊരു വിഷയമാണ്. ഭൂമിയിൽ പരന്നു കിടക്കുന്ന ദൈവാനുഗ്രഹം - فضل الله - ആണ് സമ്പത്ത്. അത് ശേഖരിക്കാനും അനുഭവിക്കാനും ഖുർആൻ ആവർത്തിച്ചനുശാസിച്ചിട്ടുള്ളതാണ്. എന്നാൽ, സമ്പത്തിനോടുള്ള അത്യാർത്തിക്കെതിരെ താക്കീതു ചെയ്തിട്ടുമുണ്ട്. يَا أَيُّهَا الَّذِينَ آمَنُوا لَا تُلْهِكُمْ أَمْوَالُكُمْ وَلَا أَوْلَادُكُمْ عَن ذِكْرِ اللَّهِ (അല്ലയോ സത്യവിശ്വാസികളേ, മുതലും മക്കളും നിങ്ങളെ ദൈവസ്മരണയിൽനിന്ന് അശ്രദ്ധരാക്കാതിരിക്കട്ടെ -63:9) وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ (അറിയുവിൻ, നിങ്ങളുടെ മുതലുകളും മക്കളും നിങ്ങൾക്കൊരു പരീക്ഷണം തന്നെയാകുന്നു -8:28). ഒരിക്കൽ നബി(സ) പ്രസ്താവിക്കുകയുണ്ടായി: ''ഞാൻ നിങ്ങൾക്കു ദാരിദ്ര്യം ഭയപ്പെടുന്നില്ല. പക്ഷേ, പൂർവ സമുദായങ്ങൾ സമൃദ്ധരായതുപോലെ നിങ്ങളും സമൃദ്ധരാ

---

وَهُوَ ٱلَّذِى يُنَزِّلُ ٱلْغَيْثَ مِنۢ بَعْدِ مَا قَنَطُوا۟ وَيَنشُرُ رَحْمَتَهُۥ ۚ وَهُوَ ٱلْوَلِىُّ ٱلْحَمِيدُ ﴿٢٨﴾

28. ജനം പ്രതീക്ഷയറ്റിരിക്കുമ്പോൾ ആശ്വാസദായകമായി മഴയിറക്കുന്നതും തന്റെ കാരുണ്യം പരത്തുന്നതും അവൻ തന്നെയാകുന്നു. അവൻ മാത്രമാകുന്നു സർവ സ്തുതിയും അർഹിക്കുന്ന രക്ഷകൻ.

**28**

وَهُوَ الَّذِي يُنَزِّلُ الْغَيْثَ = (ആശ്വാസദായകമായി) മഴയിറക്കുന്ന(തും)വനും അവൻ തന്നെയാകുന്നു

مِن بَعْدِ مَا قَنَطُوا = അവർ നിരാശപ്പെട്ടശേഷം (ജനം പ്രതീക്ഷയറ്റിരിക്കുമ്പോൾ)

وَيَنشُرُ رَحْمَتَهُ = തന്റെ കാരുണ്യം പരത്തുന്നതും

وَهُوَ الْوَلِيُّ الْحَمِيدُ = അവൻ മാത്രമാകുന്നു (സർവ) സ്തുതിയും അർഹിക്കുന്നവനായ രക്ഷകൻ

കടുത്ത വരൾച്ചയിൽ ആളുകൾ പ്രതീക്ഷയറ്റിരിക്കുമ്പോൾ ആശ്വാസമായെത്തുന്ന മഴയാണ് غَيْث. സഹായവും രക്ഷണവുമാണ് പദത്തിന്റെ മൗലികമായ അർഥം. സഹായാർഥന استغاثة ആണ്. സഹായകൻ -مغيث. മഴയെക്കുറിക്കാൻ ഉപയോഗിക്കുന്ന സാധാരണ പദം مَطَر ആണ്. غيث എന്ന പദപ്രയോഗത്തിന്റെ സാംഗത്യം സൂചിപ്പിക്കുന്നതാണ് مِن بَعْدِ مَا قَنَطُوا എന്നവാക്ക്. മുൻ സൂക്തത്തിലെ وَلَٰكِن يُنَزِّلُ بِقَدَرٍ مَّا يَشَاءُ എന്ന വാക്യത്തോടാണ് ഈ സൂക്തം ബന്ധപ്പെട്ടിരിക്കുന്നത്. ഏറ്റം മൗലികമായ ജീവിതോപാധിയാണല്ലോ ജലം. സമ്പത്തുപോലെ അതും നിശ്ചിത പരിമാണപ്രകാരം ഇറക്കിക്കൊണ്ടിരിക്കുന്നത് അല്ലാഹുവാണ്.

എല്ലായിടത്തും ഒരുപോലെ മഴപെയ്യുന്നില്ല. ചില കാലങ്ങളിലും ദേശങ്ങളിലും സമൃദ്ധിയായി വർഷപാതമുണ്ടാകുന്നു. ചില കാല-ദേശങ്ങളിൽ അനാവൃഷ്ടിയുണ്ടാകുന്നു. എല്ലാ കാലത്തും എല്ലാ ദേശങ്ങളിലും ഒരുപോലെ സമൃദ്ധമായി മഴപെയ്തുകൊണ്ടിരുന്നാൽ പ്രകൃതി താറുമാറാകും. നിയന്ത്രിതമായ വൃഷ്ടിയിലൂടെയാണ് അവൻ തന്റെ കാരുണ്യത്തിന്റെ താൽപര്യമായ ഭക്ഷ്യവിഭവങ്ങളുടെ വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. അവൻ മാത്രമാകുന്നു സ്തുത്യർഹമായ വിധത്തിൽ എല്ലാം രക്ഷിച്ചു പാലിച്ചുകൊണ്ടിരിക്കുന്നത്; അവർ പൂജിക്കുന്ന ബഹുദൈവങ്ങളിലാർക്കും അതിൽ ഒരു പങ്കുമില്ല എന്നാണ് وَهُوَ الْوَلِيُّ الْحَمِيدُ-ന്റെ താൽപര്യം. ●

---

وَمِنْ ءَايَٰتِهِۦ خَلْقُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَثَّ فِيهِمَا مِن دَآبَّةٍ ۚ وَهُوَ عَلَىٰ جَمْعِهِمْ إِذَا يَشَآءُ قَدِيرٌ ﴿٢٩﴾

29. ആകാശ ഭൂമികളുടെ സൃഷ്ടിയും അവയിൽ ജീവജാലങ്ങളെ വ്യാപിപ്പിച്ചതും അവന്റെ ദൃഷ്ടാന്തമാകുന്നു. ഉദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാനും കഴിവുള്ളവൻ തന്നെയാണവൻ.

**29**

وَمِنْ آيَاتِهِ خَلْقُ السَّمَاوَاتِ وَالْأَرْضِ = ആകാശ ഭൂമികളുടെ സൃഷ്ടിയും അവന്റെ ദൃഷ്ടാന്ത(ം)ങ്ങളിൽ പെട്ടതാകുന്നു

وَمَا بَثَّ فِيهِمَا = അവ രണ്ടിലും വ്യാപിപ്പിച്ചതും مِن دَابَّةٍ = ജീവജാലങ്ങ(ളെ)ളാൽ

وَهُوَ عَلَىٰ جَمْعِهِمْ = അവൻ അവരെ ഒരുമിച്ചു കൂട്ടാനും إِذَا يَشَاءُ = അവൻ ഉദ്ദേശിക്കുമ്പോൾ

قَدِيرٌ = കഴിവുള്ളവൻ തന്നെയാണവൻ

ഭൂമിയിൽ മഴ വർഷിച്ച് ജീവജാലങ്ങൾക്ക് ജീവിതോപാധികളൊരുക്കിക്കൊടുക്കുന്നത് അല്ലാഹുവാണെന്നുണർത്തിയതിനെത്തുടർന്ന് അവന്റെ സൃഷ്ടിവൈവിധ്യത്തിന്റെയും, മരിച്ചുപോകുന്ന സൃഷ്ടികളെ അവനുദ്ദേശിക്കുമ്പോൾ പുനരുജ്ജീവിപ്പിക്കാനുള്ള കഴിവിന്റെയും ചില ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. പ്രപഞ്ച സാകല്യവും അതുൾക്കൊള്ളുന്ന ജീവജാലങ്ങളുമെല്ലാം അവന്റെ സർവശക്തിയുടെയും പരമാധികാരത്തിന്റെയും മാത്രമല്ല, അവനുദ്ദേശിക്കുമ്പോൾ അവയെ പുനഃസൃഷ്ടിക്കാനും പുനരുജ്ജീവിപ്പിക്കാനുമുള്ള കഴിവിന്റെയും ദൃഷ്ടാന്തമാകുന്നു. ഖുർആൻ ആകാശങ്ങളും ഭൂമിയും എന്നു പറയുന്നത് മുഴുവൻ പ്രപഞ്ചത്തെയും ഉദ്ദേശിച്ചാണ്. ചലനശേഷിയുള്ള സൃഷ്ടികളാണ് دَابَّة. അവ രണ്ടിലും -വാനലോകത്തും ഭൂലോകത്തും- വ്യാപിപ്പിച്ച സൃഷ്ടികൾ കൊണ്ടുള്ള വിവക്ഷ പണ്ഡിതന്മാർ പലതരത്തിൽ വിശദീകരിച്ചിരിക്കുന്നു. ഭൂമിക്കു പുറമെ വാനലോകത്തും ഭൂമിയെപ്പോലെ ജീവജാലങ്ങളുള്ള ഗോളങ്ങളുണ്ടെന്നാണ് താൽപര്യം എന്നാണൊരു വ്യാഖ്യാനം. ജീവസാന്നിധ്യമുള്ള മറ്റൊരു ഗോളം ശാസ്ത്രം ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നുവച്ച് അത്തരം ഗ്രഹങ്ങൾ ഇല്ലെന്നു പറയാനുമാവില്ല. സൗരയൂഥത്തിലെ ചില ഉപഗ്രഹങ്ങളെ മാത്രമേ ശാസ്ത്രത്തിന് ഇതുവരെ നിരീക്ഷിക്കാനായിട്ടുള്ളൂ. അവർ തന്നെ ചന്ദ്രനിലും മറ്റും ജല സാധ്യത അനുമാനിക്കുന്നുണ്ട്. എണ്ണമറ്റ സൗരയൂഥങ്ങളുള്ളതാണ് ക്ഷീരപഥം. എണ്ണമറ്റ ക്ഷീരപഥങ്ങളടങ്ങിയതാണ് പ്രപഞ്ചം. അത് ഇപ്പോഴും വികസിച്ചുകൊണ്ടിരിക്കുകയുമാണ്. മറ്റു സൗരയൂഥങ്ങളിലും ക്ഷീരപഥങ്ങളിലും വേറെയും ഭൂമികളുണ്ടാവാം. എന്നല്ല, ഉണ്ടെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത് (65:12).

മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: ഭൂമിയെ പൊതിഞ്ഞു നിൽക്കുന്ന സ്പെയ്സിനെയാണ് ആകാശം എന്നു വിളിക്കുന്നത്. ഭൂമിയുടെ പ്രതലം കഴിഞ്ഞുള്ളതെല്ലാം ആകാശമാകുന്നു. ഇവിടെ ആകാശത്തിൽ പരത്തിയ ജീവികൾ എന്നു പറയുന്നത് പക്ഷികളെയും അന്തരീക്ഷത്തിൽ പാറിപ്പറക്കുന്ന മറ്റു പ്രാണികളെയുമാകുന്നു. വാനലോകങ്ങളിലുള്ള ചരങ്ങൾ -دَابَّة- മലക്കുകളും ജിന്നുകളുമാണെന്നാണ് മൂന്നാമത്തെ അഭിപ്രായം. സൂക്തത്തിലെ പദങ്ങൾ മൂന്നു വ്യാഖ്യാനത്തിനും പഴുതുള്ളതാണെങ്കിലും കൂടുതൽ പ്രബലമായി തോന്നുന്നത് ഒന്നാമതു പറഞ്ഞതാണ്. മറ്റു ഗോളങ്ങളിലുള്ള, മനുഷ്യരെപ്പോലുള്ള ജീവികളോടൊപ്പം ജിന്നുകളെയും മലക്കുകളെയും കൂടി ഉൾപ്പെടുത്തുന്നതിലും അസാംഗത്യമില്ല. നാലാമതൊരു വ്യാഖ്യാനം ഇങ്ങനെയുമുണ്ട്: ഭൂമിയുടെ മുകളിലും താഴെയും ഇടത്തും വലത്തുമെല്ലാം ഉള്ളത് ആകാശമാണ്. അതായത്, ആകാശത്തിനകത്താണ് ഭൂമി. ഭൂമിയിലുള്ളതെല്ലാം ആകാശത്തുള്ളതുമാണ്. പ്രപഞ്ച സാകല്യത്തിൽ പരത്തിയത് എന്നാണ് وَمَا بَثَّ فِيهِمَا എന്നു പറഞ്ഞതിനർഥം. ഭൂമിയിൽ പരത്തിയത് ആകാശത്തു പരത്തിയതുമാകുന്നു.

ഈ മഹാ പ്രപഞ്ചത്തെയും അതിലെ അളവറ്റ ജന്തുജാലങ്ങളെയും സൃഷ്ടിച്ച് സ്തുത്യർഹമായ രീതിയിൽ പരിപാലിക്കുന്ന അല്ലാഹുവിന് അവനുദ്ദേശിക്കുന്ന അവസരത്തിൽ ഈ സൃഷ്ടികളെയെല്ലാം പുനഃസൃഷ്ടിച്ച് ഒരുമിച്ചുകൂട്ടാനും കഴിയും. എല്ലാ ജന്തുജാലങ്ങളെയും അന്ത്യനാളിൽ ഉയിർത്തെഴുന്നേൽപിച്ച് വിചാരണ ചെയ്യും എന്നാണ് عَلَىٰ جَمْعِهِمْ എന്ന വാക്കിന്റെ താൽപര്യമെന്ന് ചിലർ പറയുന്നുണ്ട്. അന്ത്യനാളിന്റെ ഭീകരത വർണിച്ചുകൊണ്ട് 81:5-ൽ وَإِذَا الْوُحُوشُ حُشِرَتْ -വന്യമൃഗങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ- എന്നു പ്രസ്താവിച്ചിട്ടുള്ളത് അതിന് ഉപോദ്ബലകമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. സ്വാതന്ത്ര്യവും ഉത്തരവാദിത്വവും- الاختيار والتكليف- ഇല്ലാത്ത ജീവികൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയോ വിചാരണ ചെയ്യപ്പെടുകയോ ഇല്ലെന്നും 81:5-ൽ പറയുന്നത്, ലോകാവസാനത്തിന്റെ ഭീകരാന്തരീക്ഷത്തിൽ വന്യമൃഗങ്ങൾ പോലും കൂട്ടത്തോടെ വിരണ്ടോടുമെന്നാണെന്നുമത്രെ മറ്റു ചിലരുടെ വീക്ഷണം. جمعهم-ലെ هم എന്ന സർവനാമം ബുദ്ധിയുള്ള ജീവികളെ -عقلاء- സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. ബുദ്ധിയില്ലാത്ത ജന്തുക്കളെ സൂചിപ്പിക്കാൻ 'ها' ആണ് ഉപയോഗിക്കുക എന്നത് ഈ വീക്ഷണത്തെ പിന്തുണക്കുന്നുണ്ട്. ●

**മലയാളി ഇസ്‌ലാമിനെ വായിച്ച ഏഴ് പതിറ്റാണ്ട്**

**പ്രബോധനം**

ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട് – 12

Manager: 0495 2730073
Circulation: 0495 2730744
Accounts: 0495 2732888
Whatsapp: 9544060886
(Circulation)

circulationprabodhanam@gmail.com
managerprabodhanamclt@gmail.com
acprabodhanam@gmail.com

**വരിസംഖ്യ**

2 വർഷം 1500
1 വർഷം 750
6 മാസം 375

Beneficiary:
Prabodhanam Weekly
Federal Bank - Nadakavu Branch
Current A/C No.
13000200015019
IFSC Code: FDRL0001300

ഗൂഗ്ൾ പേ/നെഫ്റ്റ് ചെയ്യുന്നവർ ഏജൻസി കോഡ്/ സബ് നമ്പർ എന്നിവ റിമാർക്സിൽ രേഖപ്പെടുത്തേണ്ടതാണ്. ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും/ഹൽഖയുടെ കോഡും പേരും, സബ്സ്ക്രൈബറാണെങ്കിൽ സബ്സ്ക്രിപ്ഷൻ നമ്പറും പേരും എഴുതേണ്ടതാണ്. അഡ്രസ്സും ഫോൺ നമ്പറും ട്രാൻസ്ഫർ സ്ക്രീൻ ഷോർട്ടും മെയിൽ/ വാട്ട്സ്ആപ്പ് ചെയ്യേണ്ടതാണ്.

G Pay
PRABODHANAM WEEKLY
8547273767@okbizaxis

+91 8547273767